**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5602** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂചലന പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടരെ ഉണ്ടാവുന്ന ഭൂചലനങ്ങൾ ജനങ്ങളിൽ ഉണ്ടാക്കിയ ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നേരിയ ഭൂചലനത്തെ തുടർന്ന് ജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള ആശങ്ക ദൂരീകരിക്കുന്നതിനും, മുൻകരുതലുകൾ സംബന്ധിച്ചും ആവശ്യമായ നടപടി സ്വീകരിക്കുവാനും, പ്രത്യേക സാഹചര്യങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് പുറമേ, തദ്ദേശസ്വയംഭരണ, ഭൂവിജ്ഞാന വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി.<br><br>ഭൂചലനങ്ങൾ ഉണ്ടായ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വേണ്ടത്ര ജാഗ്രത പുലർത്തുവാനും, ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ആവശ്യമായ ബോധവത്കരണം നൽകുവാനും നിർദ്ദേശം നൽകി. നവമാധ്യമങ്ങളിൽ പരിഭ്രാന്തിയുണ്ടാക്കുന്ന സന്ദേശങ്ങൾ പ്രചരിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.<br><br>ആശങ്കപ്പെടേണ്ടതായ സാഹചര്യമില്ലെങ്കിലും ആശുപത്രികളും, ഫയർ ഫോഴ്സ് വിഭാഗവും എപ്പോഴും സജ്ജരായിരിക്കണമെന്നും, ഒഴിവു ദിനങ്ങളിലും റവന്യൂ ,ഫയർ ഫോഴ്സ്, ജിയോളജി, പോലീസ്, ഹെൽത്ത് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലത്ത് ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭൂകമ്പവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖയും, ശ്രവ്യ, ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങളും നടത്തിയിട്ടുണ്ട്.<br><br>ഭൂചലനങ്ങളെക്കുറിച്ച് പഠനം നടത്തുന്നത് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ ഭൂകമ്പ നിരീക്ഷണ കേന്ദ്രമാണ്. ഇടുക്കി ജില്ലയിലെ ചോറ്റുപാറയിൽ ഒരു ഡിജിറ്റൽ സീസ്മോഗ്രാഫ് നിരീക്ഷണ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭൂചലനത്തിന് പ്രവചന സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല. ദുരന്ത നിവാരണ നിയമം അനുസരിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ് ഭൂമികുലുക്കം നിരീക്ഷിക്കുവാനും വിവരങ്ങൾ സൂക്ഷിക്കുവാനും ഉള്ള ചുമതല. അതാത് സമയത്തെ പ്രധാന ഭൂമികുലുക്കങ്ങൾ നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ (NCS) വെബ് സൈറ്റിൽ രേഖപ്പെടുത്തുന്നു.<br><br>കേരളത്തിൽ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ (National Centre for Earth Science Studies - NCESS) കീഴിൽ തൃശ്ശൂർ ജില്ലയിലെ പീച്ചിയിലും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ 6 ഇടങ്ങളിലും, നൂതന മാർഗത്തിലുള്ള ഭൂകമ്പ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഭൂചലനങ്ങളെക്കുറിച്ചുള്ള പഠനം നാഷണൽ സെന്റർ ഫോർ സീസ്മോളജിയാണ് നടത്തുന്നത്. ഇതിനായി ഇടുക്കി ജില്ലയിൽ ഒരു ഡിജിറ്റൽ സീസ്മോഗ്രാഫ് നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുമായി ചേർന്നുള്ള നിരീക്ഷണങ്ങളും അറിയിപ്പുകളുമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നത്. |
| (ബി) | ഭൂചലനങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ നടത്തുന്നതിന് ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നേരിയ ഭൂചലനത്തെ തുടർന്ന് ജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള ആശങ്ക ദൂരീകരിക്കുന്നതിനും, മുൻകരുതലുകൾ സംബന്ധിച്ചും ആവശ്യമായ നടപടി സ്വീകരിക്കുവാനും, പ്രത്യേക സാഹചര്യങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് പുറമേ, തദ്ദേശസ്വയംഭരണ, ഭൂവിജ്ഞാന വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകി.<br><br>ഭൂചലനങ്ങൾ ഉണ്ടായ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വേണ്ടത്ര ജാഗ്രത പുലർത്തുവാനും, ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ആവശ്യമായ ബോധവത്കരണം നൽകുവാനും നിർദ്ദേശം നൽകി. നവമാധ്യമങ്ങളിൽ പരിഭ്രാന്തിയുണ്ടാക്കുന്ന സന്ദേശങ്ങൾ പ്രചരിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.<br><br>ആശങ്കപ്പെടേണ്ടതായ സാഹചര്യമില്ലെങ്കിലും ആശുപത്രികളും, ഫയർ ഫോഴ്സ് വിഭാഗവും എപ്പോഴും സജ്ജരായിരിക്കണമെന്നും, ഒഴിവു ദിനങ്ങളിലും റവന്യൂ ,ഫയർ ഫോഴ്സ്, ജിയോളജി, പോലീസ്, ഹെൽത്ത് |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലത്ത് ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഭൂകമ്പവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖയും, ശ്രവ്യ, ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങളും നടത്തിയിട്ടുണ്ട്.<br><br>ഭൂചലനങ്ങളെക്കുറിച്ച് പഠനം നടത്തുന്നത് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ ഭൂകമ്പ നിരീക്ഷണ കേന്ദ്രമാണ്. ഇടുക്കി ജില്ലയിലെ ചോറ്റുപാറയിൽ ഒരു ഡിജിറ്റൽ സീസ്മോഗ്രാഫ് നിരീക്ഷണ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.<br><br>ഭൂചലനത്തിന് പ്രവചന സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല. ദുരന്ത നിവാരണ നിയമം അനുസരിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ് ഭൂമികുലുക്കം നിരീക്ഷിക്കുവാനും വിവരങ്ങൾ സൂക്ഷിക്കുവാനും ഉള്ള ചുമതല. അതാത് സമയത്തെ പ്രധാന ഭൂമികുലുക്കങ്ങൾ നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ (NCS) വെബ് സൈറ്റിൽ രേഖപ്പെടുത്തുന്നു.<br><br>കേരളത്തിൽ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ (National Centre for Earth Science Studies - NCESS) കീഴിൽ തൃശ്ശൂർ ജില്ലയിലെ പീച്ചിയിലും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ 6 ഇടങ്ങളിലും, നൂതന മാർഗത്തിലുള്ള ഭൂകമ്പ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഭൂചലനങ്ങളെക്കുറിച്ചുള്ള പഠനം നാഷണൽ സെന്റർ ഫോർ സീസ്മോളജിയാണ് നടത്തുന്നത്. ഇതിനായി ഇടുക്കി ജില്ലയിൽ ഒരു ഡിജിറ്റൽ സീസ്മോഗ്രാഫ് നീരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളുമായി ചേർന്നുള്ള നിരീക്ഷണങ്ങളും അറിയിപ്പുകളുമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നത്. |
| (സി) | ഭൂചലനങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണം നടത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സീസ്മോളജി വകുപ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ